പ്രവർത്തിക്കുന്നതായിരിക്കണം അഷ്ടൈശ്വര്യങ്ങളിൽ ഒന്നായ 'ലഘിമാ' എന്ന സിദ്ധി. ഇതും മനുഷ്യനു കൈവരാവുന്നതായിരിക്കാം.

'ധ്യാനത്തിലൂടെ മനുഷ്യനു് പരമമായ മനശ്ശാന്തി നേടാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു. എല്ലാ വെള്ളവും ഹൈഡ്രജൻ—ഓക്സിജൻ സ്തരത്തിൽ ഒന്നായിരിക്കുംപോലെ, ജീവികളുടെയെല്ലാം മനസ്സുകൾ ഏകീഭവിക്കുന്ന ഒരു സ്തരം ഉണ്ടായിരിക്കാം. ഈ സ്തരത്തിലേക്കു് ഇറങ്ങിച്ചെല്ലാൻ ധ്യാനം ഉപകരിക്കുന്നുമുണ്ടാവാം.

'ശാന്തമായ മനസ്സുള്ള ഒരാളെ സമീപിക്കുമ്പോൾ, നമ്മുടെ അസ്വസ്ഥവും ക്ഷുബ്ധവുമായ മനസ്സിനു ശാന്തി കൈവരാറുണ്ടു്. യോഗിയുടെ ശാന്തി, ചുററുപാടുമുള്ള സാധാരണക്കാരുടെ മനസ്സുകളിലേക്കും പകന്നൊഴുകിക്കൂടായ്കയില്ല. ചെമ്പുകമ്പിയുടെ ഒററം ഉപ്പഗ്ഗ്രമായി ഘടിപ്പിക്കുമ്പോൾ കമ്പിയിൽ ഉടനീളം വൈദ്യുതി പ്രസരിക്കുംപോലെ, ഒരാളുടെ മനശ്ശാന്തി മററുള്ളവരെയും ശാന്തചിത്തരാക്കാൻ ഉപകരിക്കുമെന്ന സങ്കല്പത്തിലുമില്ല അസാംഗത്യം. കാരണം, പ്രപഞ്ചത്തിലെ എല്ലാ മനസ്സുകളും ഒരു സ്തരത്തിൽ ഏകീകരിക്കപ്പെടാവുന്നതേയുള്ളു.

'എങ്കിലും, ഭൗതിക ഊർജത്തിൻെറ പ്രവർത്തന മാതൃക ആദ്ധ്യാത്മിക ഊർജത്തിലേക്കു കൃത്യമായി സംക്രമിപ്പിക്കാമെന്ന വിശ്വാസത്തിനു് അടിസ്ഥാനമുള്ളതായി എനിക്കു തോന്നുന്നില്ല. ബുദ്ധനോ ക്രിസ്തുവോ കബീറോ രാമകൃഷ്ണപരമഹംസനോ ചട്ടമ്പിസ്വാമിയോ നാരായണഗുരുവോ എണ്ണമററ മററു സിദ്ധരോ, ആദ്ധ്യാത്മിക ഊർജത്തിലൂടെ, നേരിട്ടു്, ഭൗതികപരിവർത്തനം സാധിച്ചവരല്ല. ആദ്ധ്യാത്മിക ഊർജത്തിൻെറ പ്രവർത്തനത്തിനു് അതിൻേറതായ ഒരു യുക്തിപദ്ധതിയുണ്ടു്. വ്യാവസായിക യുഗത്തിൻെറ ഭൗതിക—മാതൃകകൾക്കു് ആദ്ധ്യാത്മിക—ഊർജം വഴങ്ങുമെന്നു ഞാൻ കരുതുന്നില്ല.

'അതിനാൽ പണം പിരിച്ചെടുത്തു്, ഏഴായിരം ശമ്പളക്കാരെ സംഘടിപ്പിച്ചു്, അവരുടെ തീവ്ര—യോഗ സാധനയിലൂടെ ലോകസമാധാനം നേടാനുള്ള പരിശ്രമം പരാജയത്തിലേ കലാശിക്കൂ എന്നാണു് എനിക്കു തോന്നുന്നതു്. യോഗപദ്ധതിയിൽത്തന്നെ ആളുകൾക്കു് അവിശ്വാസം ജനിപ്പിക്കുവാൻ മാത്രമേ 'യോഗ'ത്തിൻെറ ഈ വാണിജ്യവൽക്കരണം പ്രയോജനപ്പെടൂ.

'എന്നാലും, ലക്ഷ്യം ലോകസമാധാനമല്ലേ? അതു കൈവരുത്തുന്നതിനുള്ള ഏതു ശ്രമവും കാമ്യംതന്നെ.

'മണ്ഡൂകസിദ്ധി'യിലൂടെയാണു് ലോകസമാധാനം ഒടുവിൽ കൈവരുന്നതെങ്കിൽ, ഓഹോ, എനിക്കു വിരോധമൊന്നുമില്ല.'

(31 ആഗസ്റ്റ്, 1986)

# 82. വീയാ ബോർഡ്

ശരീരത്തിൽനിന്നു് ഭിന്നമായി, ഒരു ആത്മാവു് മനുഷ്യനു് ഉണ്ടെന്നു് മിക്ക മതങ്ങളും പ്രഖ്യാപിക്കുന്നുണ്ടു്. മരണത്തോടെ മനുഷ്യൻെറ കാണപ്പെടുന്ന ശരീരം നശിച്ചുപോകുന്നു; എങ്കിലും അദൃശ്യമായ ആത്മാവു് നിലനിൽക്കുന്നു. ഈ ലോകത്തിൽ ചെയ്ത പുണ്യപാപങ്ങൾക്കു് അനുഗുണമായി, ആത്മാവിനു് അവസാനവിധിനാളിൽ ഈശ്വരൻ നിത്യസ്വർഗ്ഗമോ നിത്യനരകമോ നൽകുന്നു എന്നു് ക്രിസ്തുമതവും ഇസ്ലാമും യഹൂദമതവും വിശ്വസിക്കുന്നു. മരണത്തിനുശേഷം ആത്മാവു് പുണ്യപാപഫല

ങ്ങൾ സ്വർഗ്ഗനരകങ്ങളിൽ അനുഭവിക്കുകയും, പാപവും പുണ്യവും തുല്യമായിത്തീരുന്ന അവസരത്തിൽ വീണ്ടും മനുഷ്യനായി പിറക്കുകയും ചെയ്യുന്നു എന്നാണ് ഹിന്ദു—ബൗദ്ധ—ജൈനമതങ്ങളുടെ സങ്കല്പം. ആത്മാവിന്റെ യാഥാർത്ഥ്യമെന്ത് എന്നു മനസ്സിലാക്കുന്ന അവസരത്തിൽ മനുഷ്യാത്മാവിന് മോക്ഷം കൈവരുന്നു എന്നും, അതോടെ ജന്മ—മരണ ചക്രത്തിൽനിന്ന് ആത്മാവ് മോചനം നേടുന്നു എന്നും ഹിന്ദുക്കൾ കരുതുന്നു. ഇതിനോടു കുറെയൊക്കെ സാമ്യമുള്ളതാണ് ബൗദ്ധരുടെയും ജൈനരുടെയും മോക്ഷസങ്കല്പം.

മോക്ഷത്തിൽ താല്പര്യം ഉള്ളവർ കുറവാണ്. എന്നാൽ, മരിച്ചു കഴിഞ്ഞ മനുഷ്യരുടെ ആത്മാക്കളുമായി സമ്പർക്കം സ്ഥാപിക്കുന്നതിൽ താല്പര്യമില്ലാത്തവരെ കാണുക പ്രയാസമായിരിക്കും. ശരീരത്തിൽ നിന്ന് വ്യതിരിക്തമായ ഒരാത്മാവ് മനുഷ്യന് ഇല്ലെന്ന് നാസ്തികവാദവും മാർക്സിസത്തിന് ആധാരമായ വൈരുദ്ധ്യാത്മക ഭൗതികവാദവും പ്രഖ്യാപിക്കുന്നു. ആധുനികസയൻസിന്റെ അടിസ്ഥാനവിശ്വാസവും ആത്മനിഷേധത്തിലേക്കാണ് നയിക്കുന്നത്. (അടുത്തകാലത്തായി ആധുനിക ഭൗതികം (ഫിസിക്സ്) ആത്മവാദത്തിലേക്ക് ചായുന്നുണ്ടെന്ന വസ്തുത ഇവിടെ പ്രസ്താവ്യമാണ്.)

പാരസൈക്കോളജി (പര മനശ്ശാസ്ത്രം) എന്ന മനശ്ശാസ്ത്രശാഖയിൽ അവഗാഹം നേടിയവർ കരുതുന്നത്, ഭൗതികശാസ്ത്രങ്ങളുടേതായ നിരീക്ഷണപരീക്ഷണങ്ങളിലൂടെ അതീന്ദ്രിയാനുഭൂതികളെ വ്യാഖ്യാനിക്കാമെന്നാണ്. പാരസൈക്കോളജിയുടെ ഒരു വിഭാഗമാണ് 'സ്പിരിചലിസം.' മരിച്ചുപോയവരുടെ ആത്മാക്കളുമായി ബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിവരിക്കുക, ഈ മാർഗ്ഗങ്ങളിലൂടെ സ്ഥാപിക്കപ്പെടുന്ന ബന്ധത്തിന്റെയും അതിൽനിന്നു കൈവരുന്ന അനുഭവങ്ങളുടെയും യാഥാർത്ഥ്യം നിർണയിക്കുക മുതലായവയാണ് സ്പിരിചലിസത്തിന്റെ വിഷയം. ചുരുക്കത്തിൽ, പ്രേതവിദ്യയെ ആധുനികശാസ്ത്രത്തിന്റെ സങ്കേതങ്ങൾ ഉപയോഗിച്ചു വിവരിക്കുന്നതിന് സ്പിരിചലിസ്റ്റുകൾ ശ്രമിക്കുന്നു എന്നു പറയാം.

ആധുനികശാസ്ത്രം കൊടികുത്തി വാഴുന്ന യൂറോപ്യൻ രാജ്യങ്ങളിൽ യുവാക്കൾക്കിടയിൽ പ്രേതവിദ്യക്കു പ്രചാരം ലഭിക്കുകയാണെന്നത് ആശ്ചര്യമായി തോന്നാം. ജർമനിയിൽ കൊളോൺ നഗരത്തിലെ 'സ്റ്റാട്ട് അൻത്സൈഗർ' എന്ന പത്രം 1986 മെയ് 24—ാം തീയതി പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽനിന്നാണ് താഴെ ചേർത്ത ഉദ്ധാരണം.

'തങ്ങളുടെ ജീവിതത്തിനു കൂടുതൽ അർത്ഥം ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാർ കൂടുതൽക്കൂടുതൽ സ്പിരിചലിസ്റ്റ് ഗ്രൂപ്പുകളിലേക്ക് തിരിഞ്ഞുതുടങ്ങിയിരിക്കുന്നു. ജീവപ്രാധാന്യമുള്ള പല പ്രശ്നങ്ങളുടേയും ഉത്തരം സയൻസിലോ മതത്തിലോ ലഭിക്കുന്നില്ലെന്നാണ് അവർ പറയുന്നത്. സ്പിരിചലിസ്റ്റ് തരംഗം കൂടുതൽ ആകർഷിക്കുന്നത് സെക്കൻഡറി (ഗ്രാമർ) സ്കൂളുകളിൽ ഉയർന്ന ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ്. സൽക്കാരാവസരങ്ങളിലാണ് ഇവർ പ്രകൃത്യതീത വസ്തുതകളെപ്പററി മനസ്സിലാക്കുന്നത്. ഇവരുടെ പുതിയ 'മതാവേശം' ക്രിസ്തുമതത്തിനു ഹാനികരമാണെന്നു പള്ളി അധികാരികൾ കരുതുന്നു. കാരണം, മതവിഷയങ്ങളിൽ താല്പര്യമുള്ള യുവജനങ്ങൾ ദൈവവും പരലോകവും ഉണ്ടെന്നതിനു തെളിവുകൾ അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു.

'സേയൻസ്'' (Seance) എന്ന ഫ്രഞ്ച് പേരിൽ അറിയപ്പെടുന്ന ധ്യാനയോഗങ്ങളിൽവെച്ചാണ് ഇവർ പരേതാത്മാക്കളുമായി ബന്ധം

സ്ഥാപിക്കാൻ ശ്രമിക്കുന്നതു്. 'ഇരിപ്പ്' എന്നേ ആ വാക്കിനു് അർത്ഥമുള്ള. സമാന ചിന്താഗതിക്കാരായ അഞ്ചോ ആറോ യുവാക്കൾ ഒരു മുറിയിൽ ഒന്നിച്ചു കൂടി ഏതെങ്കിലും ഒരു പരേതാത്മാവിനെപ്പററി ധ്യാനിക്കുന്നു. പെട്ടെന്നു കണ്ണാടികളിലോ, തിളങ്ങുന്ന മററു് ഉപരിതലങ്ങളിലോ പരേതാത്മാക്കളുടെ നിഴലുകൾ പ്രത്യക്ഷപ്പെടുന്നു. ചിലപ്പോൾ വൈദ്യുതവിളക്കു് എണ്ണത്തിരിയിലെ ജ്വാലപോലെ ഇളകിയാടുന്നു; വാതിലിൽ പൂട്ടു് തനിയെ വീഴുന്നു. ധ്യാനയോഗത്തിൽ സംബന്ധിക്കുന്നവർ പലതരം ശബ്ദങ്ങൾ കേൾക്കുന്നു. ഇത്തരം അനുഭവങ്ങൾ ഉണ്ടായ മുറിയിലേക്കു് പിന്നീടു തനിയെ ചെല്ലാൻ ഭയം തോന്നുന്നു. 'പ്രേതവിദ്യ മയക്കുമരുന്നുപോലെയാണു്: ഒരേ സമയം അതു് ആകർഷണവും ഭയവും ഉളവാക്കുന്നു' എന്നു് ധ്യാനയോഗങ്ങളിൽ പങ്കെടുത്തവർ പറയുന്നു. ജീവിതത്തെപ്പററി അതിതീവ്രമായ ബോധം തങ്ങൾക്കു കൈവരുന്നതായും അവർ രേഖപ്പെടുത്തിയിട്ടുണ്ടു്.

പരേതാത്മാക്കളുമായി സംവദിക്കുന്നതിനു് പല ഉപകരണങ്ങളുമുണ്ടു്. ഇക്കൂട്ടത്തിൽ, നടുക്കു് ഒരു പെൻസിൽ ഇറക്കാൻ പാകത്തിൽ ഒരു ദ്വാരമുള്ള 'പ്ലാഞ്ചെററ്' എന്ന ഹൃദയാകൃതിയിലുള്ള ചെറുപലക അരനൂററാണ്ടു മുമ്പു് പലേടത്തും പ്രചരിച്ചിരുന്നു. പ്ലാഞ്ചെററിന്റെ അടിവശത്തു് ഇളകിക്കളിക്കുന്ന മൂന്നു കാലുകളും, ഈ കാലുകളിൽ എങ്ങോട്ടും തിരിയുന്ന മൂന്നു ചക്രങ്ങളുമുണ്ടു്. ഇവ നിമിത്തം, വളരെ കുറച്ചു ശക്തി ചെലുത്തിയാൽ പ്ലാഞ്ചെററ് ഏതു വശത്തേക്കും നീങ്ങും. ദ്വാരത്തിൽ ഒരു പെൻസിൽ തിരുകി പ്ലാഞ്ചെററ് ഒരു വെള്ളക്കടലാസ്സിനു മീതെ വെക്കുന്നു. രണ്ടോ മൂന്നോ ആളുകൾ ഏതെങ്കിലും പരേതാത്മാവിനെ ധ്യാനിച്ചു് പ്ലാഞ്ചെററിൽ വിരലുകൾ അമർത്തി അതിന്റെ ചുററും ഇരിക്കുന്നു. ഇവരുടെ ധ്യാനം തീവ്രമാകുമ്പോൾ പ്ലാഞ്ചെററ് തനിയെ ചലിക്കുന്നതായി തോന്നുന്നു; അടിയിൽ കടലാസ്സിൽ അക്ഷരങ്ങൾ വരാൻ തുടങ്ങുന്നു. പരേതാത്മാവു് പ്ലാഞ്ചെററിൽ എത്തിയെന്നതിന്റെ അടയാളമാണിതു്. ഇനി നിങ്ങൾക്കു് പരേതാത്മാവിനോടു് എന്തും ചോദിക്കാം; ഉത്തരം താഴെ കടലാസ്സിൽ എഴുതിയിരിക്കും. 'സ്വയം ലേഖനം' (ആട്ടോമാററിക് റൈററിങ്ങ്) എന്നാണു് ഈ പ്രതിഭാസം അറിയപ്പെടുന്നതു്. പ്ലാഞ്ചെററിൽ തൊട്ടിരിക്കുന്നവരുടെ മനസ്സിൽ ആഴത്തിൽ കിടക്കുന്ന, അവർതന്നെ അറിയാത്ത, ആഗ്രഹങ്ങൾക്കനുസരിച്ചു് അവരുടെ കൈകൾ ചലിക്കുകയാണു് ഇവിടെ സംഭവിക്കുന്നതെന്നു് മനശ്ശാസ്ത്രജ്ഞർ കരുതുന്നു.

പ്ലാഞ്ചെററിനു് ഇപ്പോൾ യൂറോപ്പിൽ വലിയ പ്രചാരമില്ലെന്നു തോന്നുന്നു. ഇപ്പോൾ ജർമനിയിൽ കൂടുതൽ പ്രചരിക്കുന്നതു് 'വീയാ(ouija) ബോർഡുകൾ' എന്നറിയപ്പെടുന്ന പലകകൾ ആണു്. ഈ പലകയുടെ പുറത്തു് വൃത്താകൃതിയിൽ റോമൻ അക്ഷരമാലയിലെ അക്ഷരങ്ങൾ ക്രമത്തിൽ എഴുതിയിരിക്കും. പലകയുടെ നടുവിൽ ഒരു ഗ്ലാസ് വെക്കുന്നു. ധ്യാനയോഗത്തിൽ പങ്കെടുക്കുന്നവർ പലകയ്ക്കു ചുററുമിരുന്നു് ഈ ഗ്ലാസിനു മുകളിൽ തങ്ങളുടെ കൈകൾ ചേർത്തു പിടിക്കുന്നു. പ്ലാഞ്ചെററിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ, ഏതെങ്കിലും പരേതാത്മാവിനെ കുറെനേരം തീവ്രമായി ഇവർ ധ്യാനിച്ചാൽ, പരേതാത്മാവു് ഗ്ലാസിൽ പ്രവേശിക്കുകയും, ഗ്ലാസ് തനിയെ ചലിച്ചുതുടങ്ങുകയും ചെയ്യുന്നു. പ്രേതവിദ്യക്കാരുടെ ചോദ്യങ്ങൾക്കു് പരേതാത്മാവു് നൽകുന്ന ഉത്തരം, അക്ഷരങ്ങളിൽ ക്രമത്തിൽ തൊട്ടു് ഗ്ലാസ് വെളിപ്പെടുത്തിക്കൊടുക്കുന്നു.

വീയാബോർഡുകൾ കടകളിൽ വാങ്ങാൻ കിട്ടും. ഇത്തരം വേറെയും ഉപകരണങ്ങൾ ആർക്കും ഉണ്ടാക്കാം. എളുപ്പത്തിൽ ചലിക്കുന്ന വിധത്തിൽ ഒരു ടിന്നിൽ കെട്ടിനിർത്തിയ പേനയാണു് ചിലർ പ്രേതസമ്പ

ക്ത്തിനു് ഉപയോഗപ്പെടുത്തുന്നതു്. ഉപകരണം എന്തു് എന്നതല്ല, ധ്യാനയോഗത്തിൽ പങ്കെടുക്കുന്നവരുടെ ധ്യാനം ഏകാഗ്രമാണോ എന്ന താണു് മുഖ്യ കാര്യം.

ധ്യാനയോഗങ്ങൾ (സേയൻസുകൾ) പള്ളികളിലെ മതപാഠശാല കളേക്കാൾ ആകർഷകങ്ങളായി ജർമനിയിലെ യുവജനങ്ങൾക്കു് അനുഭ വപ്പെടുന്നുണ്ടത്രെ. കുട്ടികളുടെ ഈ പോക്കു് ശരിയായ വഴിക്കല്ല എന്ന അഭിപ്രായമാണു് ജർമനിയിൽ മതവിശ്വാസമുള്ള (പ്രത്യേകിച്ച് കത്തോലിക്കാമതത്തിൽ വിശ്വസിക്കുന്ന) പല മാതാപിതാക്കൾക്കും. പ്രേതവിദ്യാപരിചയം ഭ്രാന്തായി മാറുമോ എന്നാണു് അവരുടെ ഭയം. എന്നാൽ, സേയൻസുകളിലൂടെ അമൂല്യങ്ങളായ അനുഭവങ്ങൾ തങ്ങൾക്ക കൈവരുന്നതായി കുട്ടികൾ പറയുന്നു. പരേതാത്മാക്കളോടു മാത്രമല്ല, ദൈവത്തോടു നേരിട്ടും സംസാരിച്ചതായി അവകാശപ്പെടുന്നവർ അവരു ടെ കൂട്ടത്തിലുണ്ടു്. ഈശ്വരനിൽ മുമ്പു വിശ്വസിക്കാതിരുന്നവർ ഇത്തരം അനുഭവങ്ങൾക്കുശേഷം ഈശ്വരനിൽ ദൃഢവിശ്വാസമുള്ളവരായിത്തീ രുന്നു. എന്തെങ്കിലും വിഷമപ്രശ്നം ഉണ്ടാവുമ്പോൾ അവർ സേയൻസ് നട ത്തി പരേതാത്മാക്കളുമായി കൂടിയാലോചിച്ചു് പ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നു. വീയാബോർഡുകളിലൂടെ കിട്ടുന്ന ഉത്തരങ്ങൾ പലപ്പോഴും മണ്ടത്തരമാവാറുണ്ടു്; ചിലപ്പോഴൊക്കെ പരസ്പരവിരുദ്ധവും. പക്ഷേ, പ്രേതവിദ്യക്കാർക്കു് ഈ ഉത്തരങ്ങളിൽ ബഹുവിശ്വാസമാണു്.

പ്രേതങ്ങളുമായി സംവദിക്കാൻ ചിലർക്കു വളരെ എളുപ്പമായിരി ക്കും. മറ്റു ചിലർക്കു് എത്ര ശ്രമിച്ചാലും, അതു സാധിക്കുകയുമില്ല. ഇമ്മാതിരി 'പ്രേതശത്രു'ക്കളിൽ ഒരാൾ സന്നിഹിതനായാൽ മതി, ഒരു സേയൻസ് ആകെ തകരാറിലാവും. അത്തരക്കാർ മുറിവിട്ടു പോകണ മെന്നതാണു് മര്യാദ. അവർ പോകേണ്ട താമസം, വീയാബോർഡിലെ ഗ്ലാസ് ഇളകിത്തുടങ്ങും.

പ്രേതങ്ങളിലും പല തരക്കാരുണ്ടു്. ഗ്ലാസ്സിലൂടെ അക്ഷരങ്ങൾ ചൂണ്ടി ക്കാട്ടുന്നതിനു പുറമേ ചില പ്രേതങ്ങൾ തങ്ങളോടു സംസാരിക്കുന്ന വരുടെ തോളിൽ തൊടുകയുംചെയ്യും!

ഇന്ത്യയിൽ ജ്യോത്സ്യനോടോ കൈനോട്ടക്കാരനോടോ ചോദിക്കുന്ന തരം ചോദ്യങ്ങളാണു് ജർമനിയിലെ യുവജനങ്ങൾ പരേതാത്മാക്കളോടു ചോദിക്കുന്നതു്.

മറ്റെങ്ങും ലഭിക്കാത്ത മാർഗദർശനം പരേതാത്മാക്കളിൽനിന്നു ലഭിക്കുന്നതായി വിശ്വസിക്കുന്നതിനാലാണു് യുവജനങ്ങൾ പ്രേതവിദ്യ യിൽ ആകൃഷ്ടരാകുന്നതു് എന്നു് പ്രൊഫസർ ആന്ദ്രെയാസ് റെഷ് എന്ന ജർമൻ കത്തോലിക്ക മതപണ്ഡിതൻ കരുതുന്നു. ആധുനികശാസ്ത്രത്തിൽ യുവജനങ്ങൾക്കുള്ള അതൃപ്തികൂടി ഈ ആകർഷണത്തിനു പുറകിൽ ഉണ്ടാ യിരിക്കാം. പള്ളികളിലെ മതച്ചടങ്ങുകൾക്കുള്ള വിരസതയാവാം മറ്റൊരു കാരണം. യുവജനങ്ങൾക്കു് വൈകാരിക സംതൃപ്തി നൽകുന്ന തിൽ പള്ളിച്ചടങ്ങുകൾ പരാജയപ്പെട്ടിരിക്കുകയാണെന്നാണു് പ്രൊഫ സർ റെഷിൻെറ അഭിപ്രായം.

പ്രേതവിദ്യയിലുള്ള താല്പര്യം മതതാല്പര്യത്തിനെതിരല്ല എന്നു് പ്രൊഫസർ റെഷ് വിശ്വസിക്കുന്നു. മറിച്ചു്, പരമനശ്ശാസ്ത്രത്തിലും പ്രേതവിദ്യയിലുംകൂടെ യുവജനങ്ങൾ യഥാർത്ഥമതത്തിൽ എത്തിച്ചേർന്നു കൂടായ്കയില്ല. ആദ്ധ്യാത്മികതയിലൂടെയുള്ള ഒരു തീർത്ഥയാത്രയിലേർ പ്പെട്ടിരിക്കയാണു് പ്രേതവിദ്യാകുതുകികളായ പരസ്സഹസ്രം യുവജന ങ്ങൾ. ആദ്ധ്യാത്മികതയ്ക്കാണെങ്കിൽ പല മുഖങ്ങളുമുണ്ടുതാനും. പ്രേത വിദ്യയ്ക്കു സമാന്തരമായി, ജർമനിയിൽ ക്രിസ്ത്യൻ പള്ളിക്കകത്തും ധ്യാനസംഘങ്ങൾ രൂപവൽകരിക്കപ്പെട്ടുവരുന്നുണ്ടു്. സാധാരണജീവിത

ത്തിൽ കൈവരാത്ത അനുഭൂതിയുടെ വികസ്വരമേഖലകൾ ഇത്തരം ധ്യാനസംഘങ്ങളിലൂടെ പലരും നേടിവരുന്നതായി പ്രൊഫസർ റെഷ് അവകാശപ്പെടുന്നു.

എങ്കിലും, പരേതാത്മാക്കളിൽനിന്നു ലഭിക്കുന്ന സന്ദേശങ്ങളനുസരിച്ച് സ്വന്തം പ്രവർത്തനം രൂപവൽക്കരിക്കുന്നതു് അനർത്ഥമായിരിക്കുമെന്ന താക്കീതു് പ്രൊഫസർ റെഷ് യുവജനങ്ങൾക്കു നൽകാതിരിക്കുന്നില്ല.

(10 ആഗസ്റ്റ്, 1986)

## 83. കോടതി കിടപ്പുമുറിയിലേക്ക്

സൂക്ഷിച്ച് കൈകാര്യംചെയ്തില്ലെങ്കിൽ 'അശ്ലീലം' എന്നു വിധിക്കപ്പെട്ടേക്കാവുന്ന ഒരു വിഷയത്തെക്കുറിച്ചാണു് എഴുതുന്നതു്. സൂക്ഷിച്ച് കൈകാര്യംചെയ്താൽത്തന്നെ ഈ വിഷയത്തെ ചിലർ അശ്ലീലമായേ കണ്ടുള്ളു എന്നും വരാം. എങ്കിലും, വിഷയം പ്രധാനമായതുകൊണ്ടു് അതിനെപ്പററി എഴുതുന്നു. എതിരഭിപ്രായമുള്ളവർ ക്ഷമിക്കണം.

സ്ത്രീപുരുഷബന്ധത്തിന്റെ, അല്ലെങ്കിൽ ലൈംഗികബന്ധത്തിന്റെ, ചില വശങ്ങളാണു് ഇവിടെ പ്രതിപാദിക്കുന്നതു്.

സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ (പുരുഷനെ) സൃഷ്ടിച്ചശേഷം, അയാൾ ഏകനായിരിക്കുന്നതു നന്നല്ല എന്നു വിചാരിച്ച് ദൈവം, ഉറങ്ങുന്ന മനുഷ്യന്റെ വാരിയെല്ലുകളിൽ ഒന്നു് എടുത്തു് അതുകൊണ്ടു സ്ത്രീയെ സൃഷ്ടിച്ചു എന്ന ബൈബിൾക്കഥ എല്ലാവർക്കും പരിചിതമായിരിക്കും. 'അതുകൊണ്ടു പുരുഷൻ പിതാവിനെയും മാതാവിനേയും വിട്ട് ഭാര്യയോടു പററിച്ചേരും; അവർ ഒരു ശരീരമായിത്തീരും' എന്നു ബൈബിൾ പറയുന്നു. തന്റെ നഷ്ടപ്പെട്ട വാരിയെല്ല് കണ്ടെത്തുമ്പോൾ മാത്രമേ പുരുഷനു പൂർണതാബോധം വരുന്നുള്ളു; സ്ത്രീയാണെങ്കിൽ, പുരുഷനിൽ കണ്ടെത്താനുള്ളതു സ്വന്തം അസ്ഥികൂടത്തിന്റെ ഏറെക്കുറെ മുഴുവൻ ഭാഗവുമാണു്! സ്ത്രീപുരുഷന്മാർക്കു പരസ്പരമുള്ള ലൈംഗികാകർഷണത്തിന്റെ സ്വാഭാവികതയെയും മൗലികതയെയും വിശദീകരിക്കുന്നതിനുള്ള ലഘുവായ ഒരു അലങ്കാര കല്പനയത്രേ ബൈബിളിലെ കഥ. ഹിന്ദുപുരാണങ്ങളിലെ പാർവതീ—പരമേശ്വര ഉപാഖ്യാനങ്ങളും, അർദ്ധനാരീശ്വര രൂപത്തിലുള്ള ശിവസങ്കല്പവും മററും വ്യക്തമാക്കുന്ന തത്വവും സ്ത്രീപുരുഷബന്ധത്തിന്റെ സ്വാഭാവികതയും മൗലികതയും ധാർമികതയും ഒക്കെത്തന്നെ.

സമുദായം അംഗീകരിച്ച വഴക്കങ്ങൾക്കു വിധേയമായി പുരുഷനും സ്ത്രീയും ഒത്തുചേർന്നു ജീവിക്കുമ്പോൾ 'കുടുംബം' എന്ന സ്ഥാപനം ഉണ്ടാകുന്നു. കുടുംബമാണു രാഷ്ട്രത്തിന്റെ പ്രാഥമിക ഘടകം. സന്തുഷ്ട കുടുംബങ്ങൾ രാഷ്ട്രത്തെ സമൃദ്ധിയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു.

തീ അടുപ്പിലോ വിളക്കിലോ എരിയേണ്ടതു് മനുഷ്യജീവിതത്തിന്റെ നിലനില്പിനു് അനുപേക്ഷണീയമാണു്. പക്ഷേ, നിശ്ചിതസ്ഥലത്തല്ലാതെ, നോക്കുന്നിടത്തൊക്കെ തീ എരിഞ്ഞു തുടങ്ങിയാലോ?

സമുദായവഴക്കങ്ങൾ വിലംഘിച്ചുകൊണ്ടുള്ള സ്ത്രീപുരുഷ ബന്ധത്തിന്റെ സ്ഥിതി, ഏറെക്കുറെ അസ്ഥാനത്തിൽ എരിയുന്ന തീയിന്റേതുതന്നെ. രക്തബന്ധമുള്ളവർക്കിടയിലെ ലൈംഗികബന്ധം, വ്യഭിചാ